# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3317

21.12.2012-ലെ മറുപടിക്ക്

## നികുതി റിട്ടേൺ സമർപ്പിക്കാനുള്ള സമയം ദീർഘിപ്പിക്കൽ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.ടി.എൻ.പ്രതാപൻ<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.ആർ.സെൽവരാജ് | | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) |
| എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നികുതിക്കുള്ള റിട്ടേൺ സമർപ്പിക്കാനുള്ള സമയം വിശദമാക്കുമോ ;<br><br>ബി) എങ്കിൽ എത്ര നാളത്തേയ്ക്കാണ് ദീർഘിപ്പിച്ചു നൽകിയിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ;<br><br>സി) ഇതു സംബന്ധിച്ച ഉത്തരവ് ഇറക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ? | എ), ബി) & സി) | കേരള പഞ്ചായത്ത് രാജ് ആക്ടിലും കേരള മുനിസിപ്പാലിറ്റി ആക്ടിലും ബന്ധപ്പെട്ട ഉപവകുപ്പിൽ ഭേദഗതി ചെയ്തുകൊണ്ട് 25.11.2012-ൽ ഓർഡിനൻസുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് കെട്ടിട ഉടമകൾക്ക് അവരവരുടെ കെട്ടിടത്തിന്റെ വാർഷിക വസ്തു നികുതി സ്വയം നിർണ്ണയിക്കാൻ സഹായകമായ പൊതു വിവരങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി ഒരു പൊതു നോട്ടീസ് മുഖേന പ്രസിദ്ധപ്പെടുത്തേണ്ടതും അപ്രകാരം ഒരു പൊതു നോട്ടീസ് പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽ മുപ്പത് ദിവസത്തിനുള്ളിൽ നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ വസ്തു നികുതി സംബന്ധമായ റിട്ടേൺ സമർപ്പിക്കാൻ കെട്ടിട ഉടമകളോട് പ്രസ്തുത നോട്ടീസ് പ്രകാരം ആവശ്യപ്പെടാവുന്നതുമാണ്. |

സെക്ഷൻ ഓഫീസർ